പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.3073

11.12.2014 ൽ
മറുപടിക്ക്

# വൈക്കം ടിവിപുരത്തെ അനധികൃത കൈയ്യേറ്റങ്ങൾ

ചോദ്യം
ശ്രീ.കെ.അജിത് :

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈക്കം നിയോജക മണ്ഡലത്തിലെ ടിവിപുരം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടുന്നതും പഴുതുവള്ളി പ്രദേശത്തെ മേൽവെള്ളം കായലിലേക്ക് ഒഴുകിപ്പോകുന്നതിനുള്ള മാർഗ്ഗം കൂടിയായ മാന്തുവള്ളിച്ചിറത്തോട് നികത്തുവാൻ ഭൂമാഫിയ നീക്കം നടത്തുന്നതായുള്ള പ്രദേശവാസികളുടെ പരാതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ; | (എ) | വൈക്കം നിയോജക മണ്ഡലത്തിലെ മാന്തുവള്ളിച്ചിറത്തോട് നികത്തുവാൻ ഭൂമാഫിയ നീക്കം നടത്തുന്നതായുള്ള പ്രദേശവാസികളുടെ പരാതി ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ ടി തോട് നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 16.04.2014-ാം തീയതി, വൈക്കം വില്ലേജ് ഓഫീസർ നിരോധന ഉത്തരവ് നൽകിയിട്ടുള്ളതാണ്. |
| (ബി) | ഈ പ്രദേശത്തെ കായൽത്തീരത്ത് കൈയ്യേറ്റം നടക്കുന്നതായ റിപ്പാർട്ട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയോ ആവശ്യമായ പരിശോധന നടത്തുകയോ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (ബി) | ഈ പ്രദേശത്തെ കായൽത്തീരത്ത് കൈയ്യേറ്റം നടക്കുന്നതായി വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് തഹസീൽദാർക്ക് ലഭിച്ചിട്ടുള്ളതാണ്. |
| (സി) | ടിവിപുരത്തെ കൈയ്യേറ്റങ്ങളെ സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (സി) | അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 218 -ാം വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ പൊതു ജല സ്രോതസ്സുകൾ കൈയ്യേറുന്നത് നിയമപരമായി അന്വേഷിച്ച് ഒഴിപ്പിക്കുന്നതിനായി 1996 ലെ (കേരള പഞ്ചായത്ത് കൈയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിനുള്ള പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.<br><br>സെക്ഷൻ ഓഫീസർ |